**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2778** **03-08-2021 - ൽ മറുപടിയ്ക്ക്**

**ഹോർട്ടികോർപ്പ്- കാർഷികോല്പന്ന സംഭരണ കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയിലെ ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും വിൽക്കുന്നതിനും കർഷർക്ക് ന്യായവില ലഭ്യമാക്കുന്നതിനും മലപ്പുറം ജില്ലയിൽ നിലവിലുള്ള സർക്കാർ സംവിധാനങ്ങൾ വിശദീകരിക്കാമോ; വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങൾ നിലവിലില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മലപ്പുറം ജില്ലയിലെ കാർഷികോല്പന്നങ്ങൾ സംഭരിച്ച് വിതരണം നടത്തുന്നതിന് വണ്ടൂർ കേന്ദ്രമായി ഹോർട്ടികോർപ്പ് ജില്ലാ സംഭരണ കേന്ദ്രം പ്രവർത്തിക്കുന്നു. ഇങ്ങനെ സംഭരിക്കുന്ന പച്ചക്കറികൾ മലപ്പുറം ജില്ലയിലെ ഹോർട്ടികോർപ്പിനു കീഴിലുള്ള 5 സ്വന്തം സ്റ്റാളുകൾ വഴിയും പത്തോളം ഇൻസ്റ്റിറ്റ്യൂഷനുകൾ വഴിയും വിറ്റഴിക്കുന്നു. അധികമായി സംഭരിക്കുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പിന്റെ മറ്റു ജില്ലാ സംഭരണകേന്ദ്രങ്ങളിലേക്ക് അയച്ച് അവിടെ വിൽപ്പന നടത്തുന്നു. പ്രസ്തുത സംഭരണകേന്ദ്രത്തിന് വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങൾ നിലവിലില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനാൽ, ആയത് പരിഹരിക്കുന്നതിന് വണ്ടൂരിൽ നിലവിലുള്ള സംഭരണ കേന്ദ്രത്തിന് പുറമെ വളാഞ്ചേരി / തവനൂർ കേന്ദ്രമാക്കി ഒരു സംഭരണ കേന്ദ്രവും അനുബന്ധമായി വിൽപ്പന കേന്ദ്രങ്ങളും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | എങ്കിൽ ഇതു പരിഹരിക്കാൻ മലപ്പുറം ജില്ലാ ആസ്ഥാനമുൾപ്പെടെ പ്രധാന കേന്ദ്രങ്ങളിൽ ഹോർട്ടികോർപ്പിനു കീഴിൽ കാർഷികോല്പന്നങ്ങളുടെ സംഭരണ-വിപണന കേന്ദ്രം ആരംഭിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | മലപ്പുറം ജില്ലയിലെ കാർഷികോല്പന്നങ്ങൾ സംഭരിച്ച് വിതരണം നടത്തുന്നതിന് വണ്ടൂർ കേന്ദ്രമായി ഹോർട്ടികോർപ്പ് ജില്ലാ സംഭരണ കേന്ദ്രം പ്രവർത്തിക്കുന്നു. ഇങ്ങനെ സംഭരിക്കുന്ന പച്ചക്കറികൾ മലപ്പുറം ജില്ലയിലെ ഹോർട്ടികോർപ്പിനു കീഴിലുള്ള 5 സ്വന്തം സ്റ്റാളുകൾ വഴിയും പത്തോളം ഇൻസ്റ്റിറ്റ്യൂഷനുകൾ വഴിയും വിറ്റഴിക്കുന്നു. അധികമായി സംഭരിക്കുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പിന്റെ മറ്റു ജില്ലാ സംഭരണകേന്ദ്രങ്ങളിലേക്ക് അയച്ച് അവിടെ വിൽപ്പന നടത്തുന്നു. പ്രസ്തുത സംഭരണകേന്ദ്രത്തിന് വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങൾ നിലവിലില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനാൽ, ആയത് പരിഹരിക്കുന്നതിന് വണ്ടൂരിൽ നിലവിലുള്ള സംഭരണ കേന്ദ്രത്തിന് പുറമെ വളാഞ്ചേരി / തവനൂർ |

| | | | |
|---|---|---|---|
| | | | കേന്ദ്രമാക്കി ഒരു സംഭരണ കേന്ദ്രവും അനുബന്ധമായി വിൽപ്പന കേന്ദ്രങ്ങളും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ